**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1299** **30-06-2026-ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി തുടരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഘട്ടം ഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയിൽ ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

**മറുപടി:** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു:

1. പുന്നയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥല നവീകരണം, ഭരണാനുമതി തുക: 100 ലക്ഷം

പ്രവൃത്തി പൂർത്തീകരിക്കുകയും, 2025 ഒക്ടോബർ മാസം 27-ാം തീയതി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിരുന്നു. എന്നാൽ ഉദ്ഘാടന സമയത്ത് കരാർ പ്രകാരമുള്ള സെവൻസ് ഫുട്ബോൾ ഗോൾ പോസ്റ്റ് മാറ്റി ഇലവൻസ് ഫുട്ബോൾ ഗോൾ പോസ്റ്റ് വേണമെന്ന ആവശ്യവും, ഫ്ലഡ് ലൈറ്റ് പോളുകളുടെ ഫൗണ്ടേഷൻ ഗ്രൗണ്ടിലേക്ക് തള്ളി നിൽക്കുന്നത് മാറ്റണമെന്ന ആവശ്യവും, സൈറ്റിലുണ്ടായിരുന്ന പഴയ ഡി.ആർ റീറ്റൈനിംഗ് വാളിൽ കൂടി മണ്ണ് ഒലിച്ച് പോകുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യവും ഉയർന്നുവന്നിരുന്നു

ആയതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന അവസാന ഘട്ട പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും, സമീപവാസികളായ ചിലരുടെ പ്രതിഷേധം കാരണം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. തുടർന്ന് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും യോഗം ചേരുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ പ്രതിഷേധക്കാരുമായി സംസാരിച്ച ശേഷം അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. പുന്നയൂർക്കുളം പഞ്ചായത്ത് ഗ്രൗണ്ട്

30.08.2025 തീയതിയിലെ സ.ഉ(സാധാ) നം. 223/2025/കാ.യു.വ പ്രകാരം പുന്നയൂർക്കുളം പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തി 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് സന്ദർശിക്കുകയും ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ആവശ്യമായ രേഖകൾ ലഭിച്ച ശേഷം ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**